LIBRARY ARCHIVES Kerala Legislative Assembly

കുടുംബശ്രീ പ്രോത്സാഹന പദ്ധതി

117 (4552) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീ പദ്ധതി പ്രവർത്തനങ്ങൾ മന്ദീഭവിച്ചു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുടുംബശ്രീ പദ്ധതി സംസ്ഥാനത്തെ ഏതൊക്കെ പഞ്ചായത്തുകളിലാണ് ഇപ്പോൾ നടപ്പിലാക്കുന്നത് ; ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) കുടുംബശ്രീ അംഗങ്ങളിൽനിന്നു സ്വരൂപിച്ച തുകയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ഡി) കൂടുതലായി സമ്പാദ്യം സ്വരൂപിക്കുന്ന പഞ്ചായത്തുകൾക്ക് എന്തെങ്കിലും പ്രോത്സാഹന പദ്ധതി നിലവിലുണ്ടോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുബശ്രീ പദ്ധതി പൂർവ്വോപരി ശക്തിപ്പെടുത്തുകയും കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ പദ്ധതി കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും (991) 58 നഗരസഭകളിലും നടപ്പിലാക്കുന്നുണ്ട്. വിശദാംശം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.*

(സി) അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.*

(ഡി) പ്രത്യേക പ്രോത്സാഹന പദ്ധതികളൊന്നും നിലവിലില്ല, എന്നാൽ പ്രത്യേക കേന്ദ്ര സഹായമായി കുടുംബശ്രീക്ക് ലഭിച്ചിട്ടുള്ള ഫണ്ട് പഞ്ചായത്തുകൾക്ക് വിഭജിച്ച് നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങളിലൊന്നായി പഞ്ചായത്തിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങൽ സ്വരൂപിക്കുന്ന സമ്പാദ്യം പരിഗണിക്കാറുണ്ട്.

കുടിപ്പള്ളിക്കൂടങ്ങളുടെ സംരക്ഷണം

118 (4553) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കുടിപ്പള്ളിക്കൂടങ്ങളുടെ സംരക്ഷണത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് എന്തൊക്കെ പരിപാടികളാണ് നടപ്പാക്കിവരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) കേരള വികസന പദ്ധതിപ്രകാരം കുടിപ്പള്ളിക്കൂടങ്ങളുടെ അറ്റകുറ്റപ്പണിക്ക് തുക ലഭ്യമാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ; ഇല്ലെങ്കിൽ തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കുടിപ്പള്ളിക്കൂടങ്ങളിലെ അംഗീകൃത നിലത്തെഴുത്താശാൻമാർക്ക് ഗ്രാമപഞ്ചായത്തുകൾ പ്രതിമാസ ഗ്രാന്റ് നൽകുന്നുണ്ട്.

(ബി) കുടിപ്പള്ളിക്കൂടങ്ങൽക്കു വേണ്ടി പ്രത്യേകംതുക വകകൊള്ളിച്ചിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്തുകൾക്ക് ഇക്കാര്യത്തിനായി പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്.

വീടുകൾക്ക് നമ്പർ നൽകുന്നതിന് നടപടി

119 (4554) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പും, തദ്ദേശസ്വയംഭരണ വകുപ്പും വീടുകൾക്ക് നമ്പർ ലഭിക്കാത്തതിന് താൽക്കാലിക നടപടികൾ സ്വീകരിക്കാൻ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നടപടി എന്നുമുതൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത് ; ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറിമാർക്ക് എപ്പോൾ നിർദ്ദേശം നൽകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) ഫിഷറീസ് വകുപ്പ് ഇക്കാര്യത്തെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ എന്നറിയില്ല. പക്ഷെ തദ്ദേശസ്വയംഭരണ വകുപ്പ് പുറമ്പോക്ക് ഭൂമിയിൽ കുടിൽകെട്ടി താമസിക്കുന്നവർക്ക് താൽക്കാലിക വീട്ട് നമ്പർ ജോയിന്റ് വെരിഫിക്കേഷനിലൂടെ (റവന്യൂ വകുപ്പും, തദ്ദേശസ്വയംഭരണ വകുപ്പും) നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ നടപടി 30-9-2003-ന് ഉള്ളിൽ പൂർത്തിയാക്കാനുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിട്ടുണ്ട്. പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന മത്സ്യ തൊഴിലാളികൾക്ക് മാത്രമായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

അമ്യൂസ്മെന്റ് പാർക്കുകളെ വിനോദനികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി

120 (4555) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അമ്യൂസ്മെന്റ് പാർക്കുകളിൽ നിന്നും വിനോദ നികുതി ഇനത്തിൽ കഴിഞ്ഞ മൂന്നുവർഷക്കാലം ഗവൺമെന്റിന്/തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് എന്തു തുകവീതം ലഭിച്ചിട്ടുണ്ട് ;

(ബി) അമ്യൂസ്മെന്റ് പാർക്കുകളെ വിനോദനികുതിയിൽനിന്നും ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നുമുതൽ ;

LIBRARY ARCHIVES Kerala Legislative Assembly